**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.704** **11/03/2015-ൽ മറുപടിക്ക്**

**കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങിയ മരുന്നും ചികിത്സാ ഉപകരണങ്ങളും**

**ചോദ്യം**

ശ്രീ. എളമരം കരീം

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2011-12, 2012-13, 2013-14 വർഷങ്ങളിൽ കെ.എസ്.ഡി.പി.യിൽ നിന്നും എത്ര രൂപയുടെ മരുന്നുകളാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ ; | (എ) | 2011-12, 2012-13, 2013-14 വർഷങ്ങളിൽ കെ.എസ്.ഡി.പി.യിൽ നിന്നും മരുന്ന് വാങ്ങിയതിന്റെ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | 2014-15-ൽ കെ.എം.എസ്.സി.എൽ ആകെ എത്ര രൂപയുടെ മരുന്നും ചികിത്സാ ഉപകരണങ്ങളുമാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ ; | (ബി) | 2014-15-ൽ കെ.എം.എസ്സ്.സി.എൽ ആകെ വാങ്ങിയ മരുന്നിന്റെയും, ചികിത്സാ ഉപകരണങ്ങളുടെയും തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

(എ)

| വർഷം | ഓർഡർ നൽകിയ തുക | മരുന്ന് ലഭ്യമായത് (തുക) |
|---|---|---|
| 2011-12 | 48,33,23,636.00 | 42,16,73,515.80 |
| 2012-13 | 5,03,73,660.00 | 4,73,40,464.79 |
| 2013-14 | 13,87,41,799.00 | 13,74,34,558.00 |

(ബി)

| വർഷം | ഓർഡർ നൽകിയ തുക | മരുന്ന് ലഭ്യമായത് (തുക) |
|---|---|---|
| 2014-15 | 2,50,97,60,116.00 | 1,95,89,97,489.00 |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.710** **11/03/2015-ൽ മറുപടിക്ക്**

**വൃക്ക രോഗികൾക്ക് സൗജന്യ മരുന്ന്**

**ചോദ്യം**

ശ്രീ. എ എ അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൃക്ക രോഗികൾക്ക് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന വൃക്കരോഗികൾക്ക് ആർ.എസ്.ബി.വൈ. പദ്ധതിയിലൂടെ സൗജന്യമായി മരുന്നുകൾ ലഭിക്കുന്നു. Erythropoetin injection - നാണ് സൗജന്യമായി നൽകിവരുന്ന മരുന്ന്. ഇതുകൂടാതെ ബി.പി.എൽ. കാർഡുള്ളവർക്ക് ലോക്കൽ പർച്ചേസിലൂടെ എല്ലാ മരുന്നുകളും സൗജന്യമായി നൽകാറുണ്ട്. ഒപ്പം ഡയാലിസിസ് രോഗികൾ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളവർ എന്നിവർക്ക് കാരുണ്യ പദ്ധതിയിലൂടെയും, ആർ.എസ്.ബി.വൈ., ചിസ്പ്ലസ് പദ്ധതിയിലൂടെയും സൗജന്യമായി മരുന്നുകൾ നൽകാറുണ്ട്. മാത്രമല്ല ഗവൺമെന്റ് സപ്ലൈ വഴി ലഭിക്കുന്ന മരുന്നുകളും എല്ലാ രോഗികൾക്കും സൗജന്യമായി നൽകാറുണ്ട്. ഔട്ട്പേഷ്യന്റ് ആയി എത്തുന്ന എല്ലാ രോഗികൾക്കും ഫാർമസിയിൽ ലഭ്യമായ എല്ലാ മരുന്നുകളും സൗജന്യമായി നൽകാറുണ്ട്. |
| (ബി) | ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | ഡയാലിസിസിന് വിധേയരാകുന്ന വൃക്ക രോഗികൾക്ക് ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ബി.പി.എൽ. കാർഡ് അനുവദിക്കുന്നുണ്ട്. ഒപ്പം കാരുണ്യ ബനവലന്റ് ഫണ്ട്, ആർ.എസ്.ബി.വൈ. - ചിസ്പ്ലസ് തുടങ്ങിയ പദ്ധതികൾ വഴി ഈ രോഗികൾക്ക് ഡയാലിസിസും മറ്റു മരുന്നുകളും സൗജന്യമായി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.718** **11/03/2015-ൽ മറുപടിക്ക്**

### കുണ്ടറ മണ്ഡലത്തിലെ കിഡ്നി, ക്യാൻസർ രോഗബാധിതർ

**ചോദ്യം**

ശ്രീ. എം എ ബേബി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുണ്ടറ മണ്ഡലത്തിലും സമീപ പ്രദേശങ്ങളിലും അടുത്തകാലത്തായി കിഡ്നി, ക്യാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'അമൃതം' ആരോഗ്യപദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങൾക്കായുള്ള നിർണ്ണയ പരിശോധനകളും, ചികിത്സയും മരുന്ന വിതരണവും നടന്നു വരുന്നു. ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ എല്ലാ വർഷവും ഗ്രാമപ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. കൊല്ലം നീണ്ടകരയിലും, പുനലൂർ താലൂക്ക് ആശുപത്രിയിലും ക്യാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ശയ്യാവലംബരായ രോഗികളെ പരിചരിക്കുവാൻ പാലിയേറ്റീവ് കെയർ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനം നടത്തി അടിയന്തിര നടപടി സ്വീകരിക്കുമോ ? | (സി) | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.722    11.03.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

### അനധികൃത ലാബുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്: | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | ക്ലിനിക്കൽ ലാബുകൾക്ക് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ; | (എ) | സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്റേ യൂണിറ്റുകൾ ഡിപ്പാർട്ട്മെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കണം. |
| (ബി) | യോഗ്യതാ മാനദണ്ഡമില്ലാത്ത ലാബുകൾ അടച്ചുപൂട്ടുന്നതിനും യോഗ്യരായ ജീവനക്കാരാണ് ലാബുകളിൽ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) | പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും സേഫ് കേരള കാമ്പയിൻ പ്രകാരവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യവകുപ്പ് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചു പൂട്ടുകയോ ചെയ്തു വരുന്നു. പൊതുജന ആരോഗ്യ ആക്ട് അനുസരിച്ചും ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങൾ പരിശോധിച്ചും സേഫ് കേരള പദ്ധതിയിലൂടെ ലാബുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന എക്സ്റേ ലാബുകളും, സ്കാനിംഗ് സെന്ററുകളും നിയന്ത്രിക്കുന്നതിനും രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ? | (സി) | ലാബുകളിൽ സേഫ് കേരളയുടെ ഭാഗമായി ആരോഗ്യവകുപ്പ് ടീം രൂപീകരിച്ച് പരിശോധനകൾ നടത്തി വരുന്നു. അനധികൃതമായി പ്രവർത്തിക്കുന്ന ലാബുകൾ അടച്ചു പൂട്ടുകയും ഗുണനിലവാരം ഉയർത്തുവാൻ നോട്ടീസ് നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാടിസ്ഥാനത്തിൽ ടീമുകൾ രൂപീകരിച്ച് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, പബ്ലിക് ഹെൽത്ത് നേഴ്സുമാർ തുടങ്ങിയവർ അടങ്ങിയ ടീം ലാബുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ നോട്ടീസ് നൽകുകയോ അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. തദ്ദേശസ്വയംഭരണ വകുപ്പാണ് രജിസ്ട്രേഷൻ നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.725** — **11/03/2015-ൽ മറുപടിക്ക്**

**സ്വാസ്ഥ്യം പദ്ധതി**

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. കെ മുരളീധരൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. പാലോട് രവി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വാസ്ഥ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (എ) | ഉണ്ട്. കുടുംബശ്രീ ആർ.സി.സി. യുമായും ആരോഗ്യ വകുപ്പുമായും സഹകരിച്ചുകൊണ്ട് അർബുദ രോഗ നിർണ്ണയ സ്ക്രീനിംഗ് നടത്തുന്നതിനും ക്യാൻസർ ബോധവൽക്കരണം നടത്തുന്നതിനും ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സ്വാസ്ഥ്യം. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ള 40 ലക്ഷത്തിൽപരം കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്യാൻസർ സ്ക്രീനിംഗ് നടത്തി രോഗ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിനും അവർക്ക് അടുത്തുള്ള അർബുദ ചികിത്സാ കേന്ദ്രത്തിൽ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ക്യാൻസർ രോഗത്തെക്കുറിച്ചുള്ള മിഥ്യാധാരണകൾ അകറ്റുന്നതിനും ക്യാൻസർ ചികിത്സയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (സി) | ജനങ്ങളെ സ്ക്രീനിംഗ് നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (സി) | സ്വാസ്ഥ്യം പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം ആർ.സി.സി.യും കുടുംബശ്രീയും, സംസ്ഥാന ആരോഗ്യ വകുപ്പും സംയുക്തമായി പത്തനംതിട്ട ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുണ്ട്. ഇത് ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയാണ് ഉദ്ദേശ്യം. സ്ക്രീനിംഗ് പ്രോഗ്രാമിലൂടെ തടയാവുന്ന ക്യാൻസർ രോഗങ്ങളോ/ നേരത്തെ കണ്ടുപിടിച്ചാൽ ഉചിതമായി ചികിത്സിക്കാൻ കഴിയുന്ന ക്യാൻസർ രോഗങ്ങളോ നേരത്തേ കണ്ടുപിടിക്കാവുന്നതാണ്. |
| (ഡി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) | കുടുംബശ്രീ മിഷൻ, സാമൂഹിക സുരക്ഷാ വകുപ്പ്, റീജണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, സംസ്ഥാന ആരോഗ്യ വകുപ്പ് എന്നിവരാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.731** **11/03/2015-ൽ മറുപടിക്ക്**

**ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുള്ള രോഗികൾക്ക് സൗജന്യമായി മരുന്ന ലഭിക്കുവാൻ നടപടി**

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേർത്തല താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്ന ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുള്ള രോഗികൾക്ക് പ്രതിദിനം അവരുടെ അക്കൗണ്ടിൽ നിന്നും 500/- രൂപ വീതം കുറയുന്നുവെങ്കിലും ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; രോഗികൾക്ക് സൗജന്യമായി മരുന്ന ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് ചികിത്സയുടെ ഭാഗമായി ഡോക്ടർമാർ കുറിക്കുന്ന മരുന്നുകൾ വിലകൂടിയ മരുന്നുകൾ ഉൾപ്പെടെ എല്ലാം തന്നെ മെഡിക്കൽ സ്റ്റോറിലെ സ്റ്റോക്കിൽ നിന്നും തന്നെ ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | സർക്കാർ ആശുപത്രികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ പോരായ്മകൾ സംബന്ധിച്ചും മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളെക്കുറിച്ചും പരാതി അറിയിക്കുവാൻ ഓൺലൈൻ/ ഹോട്ട് ലൈൻ പരാതി പരിഹാരസംവിധാനം ഒരുക്കുമോ ? | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടായാൽ പരാതി അറിയിക്കുവാൻ നിലവിൽ കോർപ്പറേഷനിൽ 1800 1202 202 എന്ന ഒരു ടോൾഫ്രീ നമ്പർ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത നമ്പർ എല്ലാ സർക്കാർ ആശുപത്രികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 737 — 11.03.2015-ൽ മറുപടിക്ക്

### സ്വകാര്യ പരിശോധനാ ലാബുകളുടെ രജിസ്ട്രേഷനും ഗുണനിലവാര പരിശോധനയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>,, കെ. എൻ. എ. ഖാദർ :<br>,, എൻ. ഷംസുദ്ദീൻ :<br>,, സി. മമ്മൂട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ പരിശോധനാ ലാബുകളുടെ രജിസ്ട്രേഷൻ, അവയുടെ ഗുണനില വാര പരിശോധന എന്നിവയ്ക്ക് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ മാക്കുമോ ; | (എ) സ്വകാര്യ പരിശോധനാ ലാബുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. അൾട്രാസൗണ്ട് സ്കാനിംഗ് സെന്ററുകൾ പി.എൻ.ഡി.റ്റി. ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം. എക്സ്റേ യൂണിറ്റുകൾ ഡിപ്പാർട്ട്മെന്റ് ഓഫ് റേഡിയേഷൻ സേഫ്റ്റി യിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇത്തരം ലാബുകളുടെ ഗുണനിലവാര പരിശോധന അതാത് പ്രദേശത്തെ ജില്ലാ മെഡിക്കൽ ഓഫീ സർമാരുടെ നേതൃത്വത്തിലുള്ള ടീം നടത്തുന്നുണ്ട്. |
| (ബി) സംസ്ഥാനത്തൊട്ടാകെ എത്ര സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) ആരോഗ്യവകുപ്പിൽ കണക്ക് ലഭ്യമല്ല. |
| (സി) സ്വകാര്യ ലാബുകൾ അമിത നിരക്ക് ഈടാക്കുന്നു, ശുചിത്വമില്ല, പരിശോധനാ ഫലം കൃത്യമല്ല തുടങ്ങിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അക്കാ ര്യത്തിൽ സ്വീകരിച്ചു വരുന്ന പരിഹാര നടപടികൾ വ്യക്തമാക്കുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എൻ.ഡി.റ്റി. ആക്ട് പ്രകാരവും, സെയ്ഫ് കേരള കാമ്പയിൻ പ്രകാ രവും മറ്റും ഇത്തരം ലാബുകളിൽ ആരോഗ്യ വകുപ്പ് സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി ആവശ്യമെങ്കിൽ നോട്ടീസ് നൽകു കയോ ഫൈൻ ഈടാക്കുകയോ സ്ഥാപനം അടച്ചുപൂട്ടുകയോ ചെയ്തു വരുന്നു. സ്വകാര്യ ആശുപത്രികൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലാബോറട്ടറികൾ എന്നിവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേ ഷൻ എന്നിവയ്ക്ക് വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' എന്നൊരു ബിൽ നിയമമാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.740** **11/03/2015-ലെ മറുപടിക്ക്**

**മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം**

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, കാരുണ്യ ഫാർമസി എന്നിവ ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ; | (എ) & (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കാമോ ? | | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.759** | **11/03/2015-ൽ മറുപടിക്ക്**

**ബാലുശ്ശേരി താലൂക്ക് ആശുപത്രി കാരുണ്യ ഫാർമസി**

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ KMSCL നിർദ്ദേശിച്ച പ്രകാരം ഫാർമസി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും കാരുണ്യ ഫാർമസി ആരംഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ; | (ബി) | സർക്കാർ അനുവദിച്ച 35 കാരുണ്യ ഫാർമസികളുടെ പട്ടികയിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാതെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ നടത്താനുദ്ദേശിക്കുന്ന കാരുണ്യ ഫാർമസിയുടെ ഫ്രാഞ്ചൈസിയുള്ള അനുമതി പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | ഇതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് താലൂക്ക് ആശുപത്രി, KMSCL, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അധികാരികളെ പങ്കെടുപ്പിച്ച് യോഗം വിളിക്കുന്നതിന് നിർദ്ദേശിക്കാമോ ? | (സി) | ബാലുശ്ശേരി താലൂക്ക് ആശുപത്രി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലുള്ളവരെ പങ്കെടുപ്പിച്ച് കൊണ്ടുള്ള യോഗം വിളിക്കുന്നതിന് നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.767** | **11/03/2015-ൽ മറുപടിക്ക്**

**മെഡിക്കൽ കോർപ്പറേഷനെ ഒഴിവാക്കി വാങ്ങിയ മരുന്നുകൾ**

**ചോദ്യം**

ശ്രീ. കെ വി വിജയദാസ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കൂടിയല്ലാതെ മരുന്നുവാങ്ങിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അപ്രകാരം മരുന്ന് വാങ്ങുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദവിവരം നൽകുമോ ; | (ബി) | കെ.എം.എസ്.സി.എൽ. വഴി ലഭ്യമല്ലാത്തതും അടിയന്തിര ആവശ്യമുള്ളതുമായ മരുന്നുകൾ അതാത് സ്ഥാപന മേധാവികൾ സ്റ്റോർ പർച്ചേസ് നിയമങ്ങൾ അനുസരിച്ച് വാങ്ങിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം മരുന്ന് കമ്പനികളിൽ നിന്നുമാണ് ഇപ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഒഴിവാക്കി മരുന്ന് വാങ്ങിയിട്ടുള്ളത് ; വാങ്ങിയ തുകയുടെ വിശദാംശം നൽകുമോ ; | (സി) | കാരുണ്യ ഫാർമസി, മാവേലി മെഡിക്കൽ സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ തുടങ്ങിയ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. വാങ്ങിയ തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് വരുന്നു. |
| (ഡി) | ജനറിക് മരുന്നുകൾ മാത്രമാണോ മെഡിക്കൽ കോർപ്പറേഷൻ വഴി വാങ്ങുന്നത് ; വിശദാംശം നൽകുമോ ? | (ഡി) | ജനറിക് നാമത്തിലുള്ള മരുന്നുകളാണ് കോർപ്പറേഷൻ സംഭരിക്കുന്നത്. എന്നാൽ ഇതു കൂടാതെ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ബ്രാൻഡഡ് മരുന്നുകൾ വിപണി വിലയെക്കാൾ വളരെകുറഞ്ഞ നിരക്കിൽ ലഭ്യമാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 782** **11/03/2015-ൽ മറുപടിക്ക്**

**തെങ്ങിലകടവിലെ കാൻസർ സെന്റർ**

**ചോദ്യം**
ശ്രീ. പി.ടി.എ. റഹീം

**മറുപടി**
ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 28.10.2014-ൽ മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ മാവൂർ തെങ്ങിലകടവിലെ കാൻസർ സെന്റർ, തലശ്ശേരി മലബാർ കാൻസർ സെന്ററിന് ലീസിന് കൊടുത്തത് റദ്ദ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) & (ബി) | 28.10.2014-ലെ യോഗത്തിൽ പ്രസ്തുത സ്ഥലം കോഴിക്കോട് മെഡിക്കൽ കോളേജിനെ ഏൽപ്പിക്കുവാനും, MCC യുമായുള്ള lease റദ്ദാക്കുവാനും തീരുമാനിച്ചു. Lease റദ്ദാക്കുന്ന മുറയ്ക്ക് കോഴിക്കോട് മെഡിക്കൽ കോളേജ്, ഇപ്പോഴുള്ള കെട്ടിടത്തിൽ ഒരു എക്സ്റ്റൻഷൻ സെന്റർ ആയി പ്രവർത്തിക്കുന്നതിനായി പ്രൊപ്പോസൽ ലഭ്യമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. Infrastructure, Post creation എന്നിവയടക്കമുള്ള വിശദമായ പ്രൊപ്പോസൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത നിർദ്ദേശം പരിശോധിച്ച് നടപടിയെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 798** | **11.03.2015- ൽ മറുപടി.**

## പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകൾ

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.വി.ശിവൻകുട്ടി
ശ്രീമതി.കെ.കെ.ലതിക
ഡോ.കെ.ടി.ജലീൽ

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) പുതുതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വയനാട്, തിരുവനന്തപുരം, ഹരിപ്പാട്, മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും സംയോജിപ്പിച്ച് കൊണ്ടാണ് തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ആശുപത്രിയ്ക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനടി നടത്തേണ്ടതില്ല. ഹരിപ്പാട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി എൻ.റ്റി.പി.സിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് നബാർഡ് സഹായത്തോടു കൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. വയനാട് ജില്ലയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെയും കോളേജിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതോടുകൂടി ഈ വർഷം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.811** | **11/03/2015-ൽ മറുപടിക്ക്**

### കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻവഴി ഔഷധ വിതരണം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വെയർ ഹൗസുകളിലേയ്ക്കുള്ള ഔഷധ വിതരണം നിലച്ചതു മൂലം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ-അവശ്യ മരുന്നുകളുടെ ക്ഷാമം അനുഭവപ്പെടുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ജീവൻരക്ഷാമരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും ജീവൻ രക്ഷാ മരുന്നുകളുടെ ആവശ്യമായ സ്റ്റോക്കുകൾ എത്തിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളുടെ ചികിത്സയോടനുബന്ധിച്ച് വേണ്ടി വരുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കൾക്ക് കെ.എം.എസ്.സി.എൽ. വഴി വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.812** **11/03/2015-ൽ മറുപടിക്ക്**

## ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ
ശ്രീ. പാലോട് രവി
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. എം.എ. വാഹീദ്

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണം എന്ന് മുതൽ ആരംഭിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ജനറിക് മരുന്നുകളാണ് 2008-09 സാമ്പത്തിക വർഷം മുതൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പേറഷൻ മുഖേന സംഭരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം ചെയ്തുവരുന്നത്. 2007 നവംബർ മാസത്തിൽ കോർപ്പറേഷന്റെ രൂപീകരണത്തിന് മുന്പ് വരെ പ്രസ്തുത മരുന്നു സംഭരണത്തിന്റെ ചുമതല ആരോഗ്യ വകുപ്പിന് കീഴിലുള്ള സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റിയ്ക്കായിരുന്നു. |
| (ബി) | ഈ പദ്ധതിക്കായി വർഷം തോറും എന്ത് തുക ചെലവാകും എന്ന് അറിയിക്കുമോ; | (ബി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണത്തിനായി കോർപ്പറേഷന് പ്രതിവർഷം ഏകദേശം 300 കോടി രൂപ ചെലവാകും. |
| (സി) | ജനറിക് മരുന്നുകളുടെ വിതരണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാം എന്ന് വിശദമാക്കാമോ ; | (സി) | മരുന്നു വിതരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ ടോൾഫ്രീ നമ്പരായ 1800 1202 202 ലോ, രേഖാമൂലമോ ലഭിച്ചാലുടൻതന്നെ യുദ്ധകാലാടിസ്ഥാനത്തിൽ അവയ്ക്കു പരിഹാരം കാണുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ നാളിതുവരെയായി മരുന്നുവിതരണവുമായി ബന്ധപ്പെട്ട് കോർപ്പറേഷനിൽ ആകെ 768 പരാതികൾ ലഭിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം തന്നെ പരിഹാരവും കണ്ടിട്ടുണ്ട്. |
| (ഡി) | ജനറിക് മരുന്നുകളുടെ സൗജന്യ വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഇൻഡന്റ് തയ്യാറാക്കുമ്പോൾ വളരെയധികം ശ്രദ്ധയോടെ തയ്യാറാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളെ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ജനറിക് മരുന്നുകളുടെ സൗജന്യ മരുന്നു വിതരണ സംവിധാനം കാര്യക്ഷമവും കുറ്റമറ്റതാക്കുന്നതിനുമായി ഇ-ടെൻഡർ മുഖേനയുള്ള മരുന്നു സംഭരണ പ്രക്രീയ ആരംഭിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ ജില്ലാ മരുന്നുസംഭരണ |

| | | | |
|---|---|---|---|
| | | | ശാലകളിലൂടെ ലഭ്യമാക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഓരോ ബാച്ചും എൻ.എ.ബി.എൽ അക്രെഡിറ്റേഷൻ ഉള്ള ലാബോറട്ടറികളിൽ പരിശോധിച്ചു ഗുണനിലവാരം ഉറപ്പു വരുത്തിയ സർട്ടിഫിക്കറ്റുകൾ സഹിതം സമർപ്പിക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന മരുന്നുകളുടെ 10 ശതമാനം റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഇതിനു പുറമെ ഡ്രഗ്സ് കൺട്രോൾ വകുപ്പും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു. കൂടാതെ അടിയന്തിര സന്ദർഭങ്ങളിൽ ഏതെങ്കിലും കാരണങ്ങളാൽ (വിതരണക്കാരെ ലഭിക്കാതെയോ, യഥാസമയം വിതരണം നടത്താതെയോ വരുന്ന സാഹചര്യങ്ങളിൽ) അവശ്യമരുന്നുകളുടെ ലഭ്യതകുറവ് അനുഭവപ്പെട്ടാൽ കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.815** — **11/03/2015-ൽ മറുപടിക്ക്**

### സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ക്ഷാമം

**ചോദ്യം**

ശ്രീ. പി.ടി.എ. റഹീം

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത കുറവായത് കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (എ) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും പ്രസ്തുത വകുപ്പുകളുടെ ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഇ-ടെൻഡർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് വിവിധ ജില്ലാ മരുന്നു സംഭരണ ശാലകളിലൂടെ വിതരണം ചെയ്തു വരുന്നത്. 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 2014 ജനുവരി 10 നും ആരോഗ്യ വകുപ്പിൽ നിന്ന് 2014 ജനുവരി 28 നും ലഭിച്ചതനുസരിച്ച് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ നിർദ്ദേശാനുസരണം 2014 ജനുവരി 28 ന് ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും 2014 മാർച്ച് 11 ന് കോർപ്പറേഷൻ റീ-ടെൻഡർ ക്ഷണിക്കുകയുണ്ടായി. കൂടാതെ താമസം നേരിട്ട ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നുകൾക്ക് ക്ഷാമം ഉണ്ടായാൽ അത് ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കണം എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതകുറവായാൽ (കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മനോരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ) ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.816** | **11/03/2015-ൽ മറുപടിക്ക്**

### സർക്കാർ ഡിസ്പെൻസറികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം

**ചോദ്യം**

ശ്രീ. കെ.കെ. നാരായണൻ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഡിസ്പെൻസറികളിൽ ഗുണനിലവാരം കുറഞ്ഞതും കേടുവന്നതുമായ മരുന്നുകൾ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | മേൽ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് അധികാരികൾക്കും സർക്കാരിനും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (ബി) & (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന ഏതെങ്കിലും മരുന്നുകളെക്കുറിച്ച് എന്തെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടായാൽ പ്രസ്തുത ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗവും വിതരണവും നിർത്തിവയ്ക്കുവാനും ഈ വിവരം ആശുപത്രികളെ അറിയിക്കുവാനും ഉള്ള നിർദ്ദേശം അതാത് ജില്ലാ വെയർഹൗസുകൾക്ക് നൽകാറുണ്ട്. തുടർന്ന് പരാതി ഉയർന്ന ആശുപത്രിയിൽ നിന്നും പരാതി ഉണ്ടായ ബാച്ചിൽപ്പെട്ട മരുന്ന് ശേഖരിച്ച് വിശദമായ പരിശോധനയ്ക്കായി അപ്പലറ്റ് ലബോറട്ടറിയായ തിരുവനന്തപുരത്തുള്ള ഗവൺമെന്റ് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് അയക്കുകയും, ഇവിടെനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. |
| (സി) | ഉണ്ട് എങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 920 11.03.2015 -ലെ മറുപടിക്ക്.

ക്ഷേമനിധി ബോർഡുകൾക്ക് അനുവദിച്ച തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എത്ര ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട് ; ഓരോന്നിലും എത്ര തൊഴിലാളികൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട് ;<br><br>(ബി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്കും ബഡ്ജറ്റ് വിഹിതമായി 2013-14 വർഷത്തിലും 2014-15 വർഷത്തിലും അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ ;<br><br>(സി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നും വിവിധ ആനുകൂല്യങ്ങൾക്കായി എത്ര തുകയാണ് 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ചിട്ടുള്ളത് ; കണക്ക് പ്രത്യേകമായി പ്രസിദ്ധീകരിക്കാമോ; | (എ, ബി & സി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ച വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്ഷേമനിധി ബോർഡ് ഏത് ; എത്ര അംഗങ്ങൾ ; വിശദാംശം നൽകാമോ ; പ്രസ്തുത ബോർഡ് 2013-14, 2014-15 വർഷങ്ങളിൽ എത്ര തുകയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ? | (ഡി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബോർഡിൽ ആകെ 2333640 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആനുകൂല്യ വിതരണം സംബന്ധിച്ചുള്ള വിവരങ്ങൾക്ക് അനുബന്ധം കാണുക. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ക്രമ നം | ബോർഡിന്റെ പേര് | രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം (എ) | ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക (ബി) | | വിവിധ ആനുകൂല്യങ്ങൾക്കായി അനുവദിച്ച തുക (സി) | |
|---|---|---|---|---|---|---|
| | | | 2013-14 | 2014-15 | 2013-14 | 2014-15 |
| 1. | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 23,33,640 | 76,17,000 | 76,17,000 | 6,63,54,134 | 4,33,70,951 |
| 2. | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 64,542 | 4,66,39,981 | 4,07,20,695 | 4,69,07,565 | 3,04,07,695 |
| 3. | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 33,063 | 22,00,000 | 22,00,000 | 12,35,34,188 | 12,59,97,324 |
| 4. | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 42,727 | 30,80,000 | 50,00,000 | 4,87,69,450 | 3,12,43,255 |
| 5. | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 15,345 | 1,000 | 1,000 | 20,000 | 1,92,364 |
| 6. | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | 4,38,360 | ഇല്ല | ഇല്ല | 30,82,344 | 10,14,286 |
| | 1. കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി | 5,633 | 20,61,543 | 27,44,868 | 22,18,236 | 27,78,107 |
| | 2. കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി | 12,339 | 1,00,00,000 | ഇല്ല | 43,74,000 | 65,12,400 |
| | 3. കേരള കൈത്തൊഴിലാളിവിദഗദ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 5,90,318 | 16,38,000 | ഇല്ല | 2,11,51,297 | 1,17,78,447 |
| | 4. കേരള ബാർബർ & ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി | 28,893 | 45,86,000 | 41,75,000 | 78,10,830 | 55,07,556 |
| 7. | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 3,463 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8. | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 7,18,687 | 1,03,00,000 | 1,00,00,000 | 14,83,95,095 | 1,87,08,447 |

| | | | | | | |
|---|---|---|---|---|---|---|
| 9. | കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡ് | 7,65,156 | 1,50,00,000 | 1,50,00,000 | 1,01,95,920 | 1,04,16,546 |
| 10. | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2,15,881 | 1,10,00,000 | 1,00,00,000 | 37,84,48,770 | 20,41,19,128 |
| 11. | കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 20,145 | 2,85,36,295 | 1,39,13,000 | 2,68,91,284 | 1,18,15,066 |
| 12. | കേരള ബിൽഡിംഗ് & അദർ. കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 15,81,384 | ഇല്ല | ഇല്ല | 150,77,76,528 | 1,52,64,32,082 |
| 13. | കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 1,57,593 | ഇല്ല | ഇല്ല | 34,01,41,840 | 26,27,99,970 |
| 14. | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 13,706 | ഇല്ല | ഇല്ല | 66,597 | 11,824 |
| 15. | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 6,90,095 | ഇല്ല | ഇല്ല | 6,66,23,520 | 6,22,80,170 |
| 16. | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് | പദ്ധതി ആരംഭിച്ചിട്ടില്ല. | | | | |

(signature)
അഡീഷണൽ സെക്രട്ടറി

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 921

11.03.2015 -ലെ മറുപടിയ്ക്ക്

ഐ.ടി കമ്പനികളിലെ തൊഴിൽ സാഹചര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി കമ്പനികളിലെയും വ്യവസായ പാർക്കുകളിലേയും തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) 2001–ലെ ഐ.റ്റി പോളിസി നിർദ്ദേശിച്ചത് പ്രകാരം, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1936, മിനിമം വേജസ് ആക്ട്, 1948, കോൺട്രാക്ട് ലേബർ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970 & റൂൾസ് 1974, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 & റൂൾസ് 1961, കാഷ്വൽ ടെമ്പററി ബദ്‌ലി വർക്കേഴ്സ് വേജസ് ആക്ട്, 1989 & റൂൾസ് 1993, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട്, 1958 റൂൾസ് 1959, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് , 1961 & റൂൾസ് 1964, ഫാക്ടറീസ് ആക്ട് 1948 & റൂൾസ് 1957 എന്നീ വിവിധ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകളിന്മേലുള്ള വകുപ്പുതല പരിശോധനകൾ ഉദാരമാക്കിക്കൊണ്ട് സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം 27.07.2002–ലെ ജി.ഒ (എം.എസ്) നമ്പർ. 55/2002/തൊഴിൽ നമ്പർ ഉത്തരവിലൂടെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് സമർപ്പിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഗുരുതരമായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ, തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയുള്ളൂ. സർട്ടിഫിക്കറ്റ് സമർപ്പിക്കാത്ത സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനുള്ള അവകാശം ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കുണ്ട്.<br><br>സംസ്ഥാനത്തെ ഐ.റ്റി മേഖലയിലെ സ്ഥാപനങ്ങൾ, കേരള ഷോപ്പ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. ടി മേഖലയിലെ |

തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമംപോലെ കേരള ഇൻഫർമേഷൻ ടെക്നോളജി എംപ്ലോയീസ് ബിൽ–2009 (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് & വെൽഫെയർ) എന്ന പേരിൽ ഒരു കരട് ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഐ.റ്റി മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ വകുപ്പ് 6, 9, 10, 11, 20 എന്നിവയിൽ നിന്നും ചില നിബന്ധനകളോടെ ഒഴിവാക്കിയിട്ടുണ്ട്. ഇത് അനുസരിച്ച് ഐ.റ്റി സ്ഥാപനങ്ങളിലെ ജോലി സമയം ക്രമീകരിച്ച് ഷിഫ്റ്റ് സമ്പ്രദായത്തിലും 'flexi time' വ്യവസ്ഥയിലും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് ഐ.റ്റി മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉത്സവാവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളീഡേയും വേതനവും നിഷേധിക്കുക മുതലായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയതായി ബോദ്ധ്യപ്പെട്ട തൊഴിൽ ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുമ്പോൾ തൊഴിൽ സാഹചര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിഷ്കർഷിയ്ക്കാറുണ്ടോ : എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

(ബി) വിവരം ശേഖരിച്ചു വരുന്നു.

Sreedas
സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 922 — 11.3.2015 ന് മറുപടിയ്ക്ക്

### ഐ. ടി. ഐ പരീക്ഷാകേന്ദ്രം മാറ്റാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ. യിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടത്തുന്ന പരീക്ഷ കൾ സാധാരണയായി എവിടെ യെല്ലാം വച്ചാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.യിലെ പരീക്ഷകൾ നടത്താറില്ല. എന്നാൽ കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത ടെക്നിക്കൽ യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐയിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനായി നടത്തുന്ന പരീക്ഷകൾ തിരുവനന്തപുരം, ചാക്ക ഗവ. ഐ.ടി.ഐയിൽ വച്ചും പ്രാക്ടിക്കൽ പരീക്ഷകൾ തിരുവനന്തപുരം ജില്ലയിലെ ചാക്ക, ആര്യനാട്, ആറ്റിങ്ങൽ, ധനുവച്ചപുരം എന്നീ 4 ഗവ. ഐ.ടി.ഐ.കളിൽ വച്ചുമാണ് നടത്തിവരുന്നത്. |
| (ബി) ഇപ്പോൾ പ്രസ്തുത പരീക്ഷാ കേന്ദ്രം തിരുവനന്തപുരമായി തീരുമാനി ച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ പ്രകാരം നടത്തുന്ന പരീക്ഷകൾ മുമ്പ് സംസ്ഥാനത്തെ 14 നോഡൽ ഐ.ടി.ഐ. കളിൽ വച്ചാണ് നടത്തിവന്നിരുന്നത്. എന്നാൽ ടി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ ടി ട്രെയിനികളുടെ പരീക്ഷകൾ തിരുവനന്തപുരത്ത് വച്ച് നടത്താൻ നയപരമായി തീരുമാനം എടുത്തിട്ടുണ്ട്. |

(സി) ഇത് വടക്കൻ ജില്ലകളിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അതാത് നോഡൽ ഐ.ടി.ഐ. കളിൽ വച്ച് മുൻപ് നടത്തിവന്നിരുന്ന ടി പരീക്ഷകളുടെ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഉണ്ടായതിനാലാണ് തിരുവനന്തപുരത്ത് വച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി പരീക്ഷകൾ നടത്തി വരുന്നത്. ടി പരീക്ഷകൾ തിരുവനന്തപുരത്തേക്ക് മാറ്റിയതിനാൽ പരീക്ഷകൾ സുഗമമായി നടത്തി വരുന്നുണ്ട്.

(ഡി) എങ്കിൽ പ്രസ്തുത പരീക്ഷാകേന്ദ്രം അതാത് ഐ.ടി.ഐ. കളിലോ ജില്ലകളിലെ ഏതെങ്കിലും ഐ.ടി.ഐ. കളിലോ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) പ്രസ്തുത പരീക്ഷകൾ തിരുവനന്തപുരത്ത് വച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിൽ നടത്തുന്നതു മൂലം പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. നിലവിലെ സാഹചര്യത്തിൽ ടി പരീക്ഷകൾ തിരുവനന്തപുരത്തു നിന്ന് മാറ്റുവാൻ കഴിയുകയില്ല.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 923 | 11/03/2015 – ൽ മറുപടിക്ക്

### ഇ.എസ്.ഐ. മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>,, വി.പി.സജീന്ദ്രൻ<br>,, എം.എ. വാഹീദ്<br>,, സണ്ണി ജോസഫ് : | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് ഇ.എസ്.ഐ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | എ) ഇല്ല. |
| ബി) പ്രസ്തുത മെഡിക്കൽ കോകോളേജുകൾ ആരംഭിക്കുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ; | ബി) സി) & ഡി) ബാധകമല്ല. |
| സി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ; | |
| ഡി) പ്രസ്തുത കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?. | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 924

11.03.2015 -ലെ മറുപടിയ്ക്ക്

പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിനുള്ള പദ്ധതികൾ

ചോദ്യം

ശ്രീ. പ്രൊഫ.സി.രവീന്ദ്രനാഥ്

(എ) ഈ സർക്കാർ പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ശ്രീ . ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) തൊഴിൽ രഹിതർക്ക് കൂടുതൽ പുതിയ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുമായി സ്വകാര്യ മേഖലയിലും തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് "നിയുക്തി 2015" എന്ന പേരിൽ സംസ്ഥാന വ്യാപകമായി അഞ്ച് തൊഴിൽ മേളകൾ സംഘടിപ്പിച്ചു. അതുവഴി കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ മേഖലകളിലെ വിവിധ തുറകളിൽ നിന്നുള്ള 300 ലധികം സ്വകാര്യ തൊഴിൽ ദാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 43000 ത്തോളം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേളകളിൽ പങ്കെടുക്കുവാൻ അവസരം നൽകുകയും പ്രസ്തുത തൊഴിൽ മേളകൾ സംഘടിപ്പിച്ചതുവഴി ഈ വർഷം 17875 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാനും സാധിച്ചി ട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 927

11.03.2015 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## കണ്ടറ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടറ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നവീകരണ പ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ലൈബ്രറി ബുക്കുകൾ, ഫർണിച്ചർ എന്നിവ വാങ്ങുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ജൂലൈ 2010-ൽ പ്രവേശിപ്പിക്കപ്പെട്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സ് പൂർത്തീകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഫാഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട വിവിധ മേഖലയിൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. 2014-15 മുതൽ മൂന്നു വർഷത്തെ ഡിപ്ലോമ കോഴ്സിനു പകരമായി നാല് വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ ഡിഗ്രി കോഴ്സ് കേരള യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടു കൂടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി പുതുതായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) ഫാഷൻ ഡിസൈനിൽ അണ്ടർ ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് എന്നീ കോഴ്സുകൾ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

Harikumar

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 930 — 11.3.2015 ന് മറുപടിയ്ക്ക്

# നഴ്സിംഗ് നൈപുണ്യവികസന കേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി വിഷ്ണുനാഥ് :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ.ശിവദാസൻ നായർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) നഴ്സിംഗ് നൈപുണ്യവികസന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം; ഇതിന്റെ നോഡൽ ഏജൻസി ആരാണ്; | (എ) & (ബി) ഉണ്ട്. സ്വകാര്യമേഖലയിലെ പരിചയസമ്പന്നരുമായി സഹകരിച്ച് നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം കേരള അക്കാഡമി ഫോർ സ്കിൽസ് (KASE) ന്റെ കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയ വിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം, എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേയിസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണംചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE ന്റെ ലക്ഷ്യങ്ങൾ. അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമ ബിരുദധാരികളോ ആയ പരിചയസമ്പന്നരായ നഴ്സുമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി രൂപകല്പന ചെയ്തിട്ടുള്ളതാണ്. |
| (സി) ഈ കേന്ദ്രത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്നു വ്യക്തമാക്കുമോ ? | കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന നഴ്സിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) ന്റെ ഓപ്പറേറ്ററായി നിശ്ചയിച്ചിരിക്കുന്നത് യു.എ.ഇ.യിലെ SUT-NMC Healthcare -നെയാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

11.03.2015 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 931

## സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളി വിരുദ്ധ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.ബി.അബ്ദുൽ റസാക്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എം.ഉമ്മർ: | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യതൊഴിൽ മേഖലയിൽ തൊഴിൽ വകുപ്പ് നടത്തുന്ന പരിശോധനകളിൽ കണ്ടുവരുന്ന പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം രജിസ്ട്രേഷൻ/ലൈസൻസ് എന്നിവ എടുക്കാതിരിക്കൽ, തൊഴിൽ നിയമ പ്രകാരമുള്ള രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കാതിരിക്കുക, തൊഴിൽ നിയമ പ്രകാരമുള്ള മിനിമം കൂലിയും മറ്റാനുകൂല്യങ്ങളും നൽകാതിരിക്കുക, നിയമ പ്രകാരമുള്ള അവധി ദിനങ്ങളും അവധി ദിനവേതനവും അനുവദിക്കാതിരിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക തുടങ്ങിയ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങൾക്കെതിരെ തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഇൻസ്പെക്ടർമാർ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. 2014 – ൽ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ ക്രമക്കേടുകൾ കണ്ടെത്തിയ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും 53 സ്ഥാപനങ്ങൾക്കെതിരെ സ്റ്റോപ്പ് മെമ്മോയും നൽ കിയിട്ടുണ്ട്. |
| (ബി) സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തുടർച്ചയായ ജോലി സമയങ്ങൾക്കിടെ ഇരുന്നു വിശ്രമിക്കാനുള്ള സൗകര്യം നിഷേധിക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ ജീവനക്കാർക്ക് വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽ കാറുണ്ട്. കൂടാതെ KS&CE, ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം, രൂപീകരിക്കാനും, നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം |

കൂടി തൊഴിലുടമ സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള ഭേദഗതി സർക്കാറിന്റെ പരിഗണനയിലാണ്. ചട്ടം പ്രാബല്യത്തിൽ വരുന്നതോട് കൂടി തൊഴിലാളികൾക്ക് വിശ്രമവേളകളിൽ ഇരിക്കുന്നതിനുള്ള, സാഹചര്യം നൽകുവാൻ തൊഴിലുടമകൾ നിർബന്ധിതരാകും.

(സി) സംസ്ഥാനത്തെ സ്വകാര്യ അൺ എയിഡഡ് സ്കൂളുകളിൽ നടക്കുന്ന തൊഴിൽ നിയമ ലംഘനങ്ങൾക്കും തൊഴിലാളി വിരുദ്ധ നടപടികൾക്കുമെതിരെ തൊഴിൽ വകുപ്പ് കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

(സി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് - 1947 പ്രകാരം 'വർക്ക്മെൻ' എന്ന നിർവ്വചനത്തിലോ മിനിമം വേജസ് ആക്ട്, 1948 സെക്ഷൻ (2) പ്രകാരം 'എംപ്ലോയി' എന്നതിന്റെ നിർവ്വചനത്തിലോ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി ജീവനക്കാരെ 'തൊഴിലാളികളായി' പരിഗണിക്കാൻ കഴിയില്ല. എന്നാൽ അദ്ധ്യാപക ഇതര ജീവനക്കാരുടെ പരാതികളിൽ തൊഴിൽ വകുപ്പ് പരിഹാരം കാണാറുണ്ട്. അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനത്തെ സംബന്ധിച്ച് 12/09/2011 ലെ GO (P) No. 155/2011/LBR സർക്കാർ ഉത്തരവിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ പരാതികൾ ലഭിക്കുന്ന സ്കൂളുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും, അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala payment of Minimum Wages to Teachers of un-aided Educational Institutions Bill 2014' ന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

(signature)

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 932 — 11.03. 2015 ൽ മറുപടിക്ക്.

## കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ, സംസ്ഥാനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ ? | (എ) സംസ്ഥാന തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ കേരളത്തിൽ 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിനു കീഴിലുള്ള കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 49021 (28.02.2015 വരെ) അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ സംസ്ഥാനം തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ.

Distribution of migrants from other

| SL.NO | STATE | TVPM | KLM | PTA | ALPY |
|---|---|---|---|---|---|
| 1 | WEST BENGAL | 1121 | 644 | 1545 | 1018 |
| 2 | BIHAR | 93 | 173 | 75 | 60 |
| 3 | JHARKHAND | 81 | | 46 | 259 |
| 4 | ORISSA | 109 | 36 | 106 | 138 |
| 5 | UTHARANCHAL | | | 0 | 4 |
| 6 | DELHI | | | 1 | 1 |
| 7 | TAMILNADU | 12 | 33 | 272 | 59 |
| 8 | MADHYAPRADESH | 5 | | 1 | 2 |
| 9 | KARATAKA | 8 | 32 | 12 | 201 |
| 10 | UTTARPRADESH | 41 | | 13 | 16 |
| 11 | ASSAM | 219 | 61 | 221 | 463 |
| 12 | ANDRAPRADESH | 6 | | 1 | 35 |
| 13 | RAJASTHAN | 7 | | 1 | 4 |
| 14 | TRIPURA | | 5 | | |
| 15 | ARUNACHAL PRADESH | | 1 | | |
| 16 | SIKKIM | | | | |
| 17 | CHATTISGRAH | | | | 2 |
| 18 | GUJARAT | | | | |
| 19 | MAHARASHTRA | | | 1 | 1 |
| 20 | JAMMU & KASHMIR | | | | |
| 21 | HARYANA | | | | |
| 22 | NAGALAND | | | | |
| 23 | MANIPUR | | | | 1 |
| 24 | HIMACHAL PRADESH | | | | |
| 25 | PUJNAB | | | | |
| 26 | ANDAMAN NICKOBAR | | | | |
| | **TOTAL** | **1702** | **985** | **2295** | **2264** |
| | NEPAL | | | | |

## Distribution of migrants from other States/Union Territories in the Districts of Kerala (February-2015)

| SL.NO | STATE | TVPM | KLM | PTA | ALPY | KTM | IDKI | EKM | TSR | PKD | MPM | KKD | WYD | KNR | KSD | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | WEST BENGAL | 1121 | 644 | 1545 | 1018 | 1597 | 549 | 3936 | 2101 | 1465 | 1068 | 1968 | 2088 | 1229 | 1862 | 22191 |
| 2 | BIHAR | 93 | 173 | 75 | 60 | 175 | 130 | 983 | 201 | 758 | 671 | 771 | 34 | 250 | 331 | 4705 |
| 3 | JHARKHAND | 81 | | 46 | 259 | | | 281 | 114 | 223 | 34 | 98 | 22 | 62 | 121 | 1341 |
| 4 | ORISSA | 109 | 36 | 106 | 138 | 240 | 145 | 1473 | 473 | 591 | 215 | 872 | 347 | 2684 | 514 | 7943 |
| 5 | UTHARANCHAL | | | 0 | 4 | | | | | 181 | 1 | | 3 | 7 | 1 | 197 |
| 6 | DELHI | | | 1 | 1 | | | 7 | 2 | | 2 | 5 | 7 | 6 | | 31 |
| 7 | TAMILNADU | 12 | 33 | 272 | 59 | 50 | 8 | 81 | 245 | 36 | 102 | 77 | 410 | 113 | 47 | 1545 |
| 8 | MADHYAPRADESH | 5 | | 1 | 2 | | | 24 | 10 | | 67 | 12 | 3 | 53 | 160 | 337 |
| 9 | KARATAKA | 8 | 32 | 12 | 201 | | | 58 | 34 | | 3 | 11 | 2531 | 409 | 408 | 3707 |
| 10 | UTTARPRADESH | 41 | | 13 | 16 | 8 | 24 | 230 | 130 | | 186 | 118 | 59 | 181 | 232 | 1238 |
| 11 | ASSAM | 219 | 61 | 221 | 463 | 757 | 247 | 1203 | 289 | | 200 | 303 | 180 | 746 | 355 | 5244 |
| 12 | ANDRAPRADESH | 6 | | 1 | 35 | | | 15 | 11 | | 0 | 3 | 4 | 71 | 1 | 147 |
| 13 | RAJASTHAN | 7 | | 1 | 4 | 3 | | 8 | 16 | | 11 | 21 | 13 | 36 | 48 | 168 |
| 14 | TRIPURA | | 5 | | | | | | | | 4 | | | 0 | | 9 |
| 15 | ARUNACHAL PRADESH | | 1 | | | 1 | | | | | | 7 | | 33 | | 42 |
| 16 | SIKKIM | | | | | | | | | | | | | | | 0 |
| 17 | CHATTISGAH | | | | 2 | | | 13 | | | | | | 22 | 4 | 41 |
| 18 | GUJARAT | | | | | | 4 | 1 | | | 1 | | 3 | 1 | 3 | 13 |
| 19 | MAHARASHTRA | | | 1 | 1 | | | 3 | 3 | | 6 | 4 | 3 | 21 | 5 | 47 |
| 20 | JAMMU & KASHMIR | | | | | | | | | | | 0 | | | 1 | 1 |
| 21 | HARYANA | | | | | | 2 | | | | | 3 | | | 6 | 11 |
| 22 | NAGALAND | | | | | 34 | | 2 | | | | | | | 0 | 36 |
| 23 | MANIPUR | | | | 1 | 1 | 4 | | | | 1 | 3 | 10 | 0 | 0 | 20 |
| 24 | HIMACHAL PRADESH | | | | | | | 1 | | | | | | | 1 | 2 |
| 25 | PUJNAB | | | | | | | 2 | | | | | | | 1 | 3 |
| 26 | ANDAMAN NICKOBAR | | | | | | | | | | | | | 2 | | 2 |
| | TOTAL | 1702 | 985 | 2295 | 2264 | 2866 | 1113 | 8321 | 3629 | 3254 | 2572 | 4276 | 5717 | 5926 | 4101 | 49021 |
| | NEPAL | | | | | 25 | 3 | | | | | | | 1 | | 29 |

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 933 — 11.03.2015 -ലെ മറുപടിക്ക്.

## കാസർകോട് ജില്ലാ ക്ഷേമനിധി ഓഫീസുകളിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ : | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർകോട് ജില്ലയിലെ ക്ഷേമനിധി ഓഫീസുകളിൽ എത്ര ഒഴിവുകളുണ്ടെന്ന് ഓഫീസും തസ്തികയും തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ ; | (എ)<br>1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവുണ്ട്.<br>2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെയും ഒരു എൽ.ഡി.ടൈപ്പിസ്റ്റിന്റെയും ഒഴിവുകൾ ഉണ്ട്.<br>3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3 ക്ലാർക്ക്, 1 ടൈപ്പിസ്റ്റ്, 1 പ്യൂൺ കം പ്രോസസ് സെർവർ, 1 റിക്കാർഡ് കീപ്പർ എന്നീ ഒഴിവുകൾ ഉണ്ട്.<br>4. കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1 ക്ലാർക്ക്, 1 പ്യൂൺ എന്നീ ഒഴിവുകൾ ഉണ്ട്.<br>5. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ 6 ക്ലാർക്ക്, 3 പ്യൂൺ എന്നീ എൻ.ജെ.ഡി ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (ബി) ഉണ്ട്.<br>1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ടൈപ്പിസ്റ്റിന്റെ ഒഴിവ് അന്യത്ര സേവന വ്യവസ്ഥയിൽ നികത്തുന്നതിന് പത്രത്തിൽ പരസ്യം നല്കിയിട്ടുണ്ട്.<br>2. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ഒഴിവുകൾ നികത്തുന്നത്. |

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 934 — 11.03.2015 -ലെ മറുപടിക്ക്

നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കൾക്ക് ലാപ് ടോപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ മക്കളായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിന് തീരുമാനിച്ചിരുന്നോ ; | (എ) കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സജീവാംഗത്വമുള്ള തൊഴിലാളികളുടെ മക്കളിൽ പ്രൊഫഷണൽ കോളേജുകളിൽ 2011 ൽ പൂർണ്ണമായും മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയ അർഹരായ വിദ്യാർത്ഥികൾക്ക് ഓരോ ലാപ്ടോപ്പ് അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു. |
| (ബി) എങ്കിൽ ഈ ഇനത്തിൽ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും ഇതിൽ എത്ര പേർക്ക് ലാപ് ടോപ്പ് നൽകിയെന്നും എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ ; | (ബി) ക്ഷേമനിധി ബോർഡിന്റെ 14 ജില്ലാ ആഫീസുകൾ മുഖേന ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 353 അപേക്ഷകൾ മേൽ നടപടിയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിലേക്കുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. അതിനാൽ നിലവിൽ ആർക്കുംതന്നെ ലാപ്ടോപ്പ് വിതരണം ചെയ്തിട്ടില്ല. |
| (സി) ഇതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ? | (സി) ലാപ്ടോപ്പ് വാങ്ങി നൽകുന്നതിലേക്ക് പാലിക്കേണ്ട വ്യവസ്ഥകളുടെയും മാർഗ്ഗ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ 02/05/2014 ൽ ഇ-ടെണ്ടർ ക്ഷണിച്ചു. ആയത് 28/05/2014 ൽ തുറന്ന് പരിശോധിച്ചുവെങ്കിലും സാങ്കേതികമായി യോഗ്യതയുള്ള സ്ഥാപനങ്ങൾ കുറവാകയാൽ കൂടുതൽ കമ്പനികളെ/ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് മത്സരാധിഷ്ഠിത റേറ്റ് ലഭ്യമാക്കുന്നതിന് ഒരു അവസരംകൂടി ലഭിക്കുന്നതിലേക്ക് ടി ടെണ്ടർ റദ്ദ് ചെയ്ത് വീണ്ടും ഇ-ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചു. തുടർന്ന് മൂന്ന് പ്രാവശ്യം ഇ-ടെണ്ടറും, റീ-ടെണ്ടറും ക്ഷണിച്ചുവെങ്കിലും സാങ്കേതികമായ പല കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. വീണ്ടും 28/02/2015 ൽ ഇ-ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്. പ്രസ്തുത ഇ-ടെണ്ടർ 24/03/2015ൽ തുറന്ന് പരിശോധിക്കുന്നതും നിയമാനുസൃത നടപടി ക്രമങ്ങൾ പൂർത്തിയാക്കി എത്രയും പെട്ടെന്ന് ലാപ്ടോപ്പ് വാങ്ങി അർഹരായവർക്ക് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു. |

Deepa

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 936 — 11.03. 2015 ൽ മറുപടിക്ക്.

**അന്യസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാൻ സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം കേരളത്തിലെ തൊഴിൽ, സാംസ്കാരിക, ക്രമസമാധാന രംഗങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനത്തെ കുറിച്ച് തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; | (എ) അന്യസംസ്ഥാന തൊഴിലാളികളുടെ സാന്നിദ്ധ്യം കേരളത്തിലെ തൊഴിൽ, സാംസ്കാരിക, ക്രമസമാധാന രംഗങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് തൊഴിൽവകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) ഇവരിൽ ചിലരെങ്കിലും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുവെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതോ, താമസ സ്ഥലങ്ങളിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുന്ന കാര്യമോ ആലോചിക്കുമോ? | (ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.

പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 939 11.03.2015 -ൽ മറുപടിക്ക്

## രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ രഹിതർ

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽ രഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

**ഉത്തരം**

**ശ്രീ.ഷിബു ബേബി ജോൺ**
**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിൽരഹിതരുടെ ജില്ല തിരിച്ചുള്ള കണക്ക് 31.12.2014 വരെയുള്ളത് ചുവടെ ചേർക്കുന്നു :-

| ക്രമ നം. | ജില്ല | രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 5,44,891 |
| 2. | കൊല്ലം | 3,86,162 |
| 3. | ആലപ്പുഴ | 3,16,965 |
| 4. | പത്തനംതിട്ട | 1,31,500 |
| 5. | കോട്ടയം | 2,27,403 |
| 6. | ഇടുക്കി | 1,08,333 |
| 7. | എറണാകുളം | 3,01,931 |
| 8. | തൃശ്ശൂർ | 3,13,160 |
| 9. | പാലക്കാട് | 2,91,851 |
| 10. | മലപ്പുറം | 3,28,873 |
| 11. | കോഴിക്കോട് | 3,66,146 |
| 12. | വയനാട് | 87,495 |
| 13. | കണ്ണൂർ | 2,16,871 |
| 14. | കാസർഗോഡ് | 92,960 |
| | **ആകെ** | **37,14,541** |

(ബി) പ്രതിവർഷം തൊഴിൽ രഹിത വേതനം നൽകുന്നതിനു വേണ്ടി ചെലവഴിക്കുന്ന ആകെത്തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

**(ബി)** ഉണ്ട്. മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വിവരം ചുവടെ ചേർക്കുന്നു :-

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 2012-13 | 52,11,79,000/- | 33,10,24,060/- | 12 മാസത്തെ തൊഴിൽ രഹിത വേതനം വിതരണം നടത്തിയിട്ടുണ്ട്. |
| 2013-14 | 51,11,79,000/- | 15,73,50,900/- | 6 മാസത്തെ വേതനം വിതരണം നടത്തി. 8 മാസത്തെ വേതനം വിതരണം നടത്താൻ ഇലക്ഷൻ കമ്മീഷന്റെ അനുമതി ലഭിക്കാത്തതിനാൽ തുക സറണ്ടർ ചെയ്തു. |
| 2014-15 | 42,89,48,000/- | 26,57,19,600/- | നടപ്പു വർഷം 10 മാസത്തെ വേതനം വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 940 — 11.03. 2015 ൽ മറുപടിക്ക്.

**അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി | |
| (എ) | അന്യസംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അന്യസംസ്ഥാന തൊഴിലാളികൾക്ക് കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുവാൻ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്. |
| (ബി) | എങ്കിൽ എത്ര ശതമാനം തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്; | (ബി) | 49021 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | രജിസ്ട്രേഷൻ സംബന്ധിച്ച് ഇവർക്ക് ആവശ്യമായ നിർദ്ദേശം/ ബോധവല്ക്കരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | കേരളത്തിൽ വിവിധ മേഖലയിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പ് നേരിട്ടും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് മുഖേനയും പദ്ധതിയുടെ സവിശേഷതകളെക്കുറിച്ച് അന്യസംസ്ഥാന തൊഴിലാളികളെ ബോധവൽക്കരിച്ച് ഈ പദ്ധതിയിൽ ചേർക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി തുടർന്നുവരുന്നു. |

സെക്ഷൻ ആഫീസർ.

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 941 11.03.2015 -ലെ മറുപടിക്ക്

### തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തൊഴിലാളികളുടെ സുരക്ഷ ഉറപ്പ വരുത്താൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ ; | (എ) തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷ മാനദണ്ഡങ്ങളും അവ ഉറപ്പ് വരുത്തുന്ന രീതികളും ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ഫാക്ടറീസ് ആക്ട് തുടങ്ങിയ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. മേൽ പരാമർശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ ഒരുക്കേണ്ടതാണ്. ഇതിൽ ഫാക്ടറീസ് ആക്ട് അനുസരിച്ചുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നത് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പാണ്. മറ്റ് തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പ് വരുത്തുന്നതിനായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ, ജില്ലാ ലേബർ ഓഫീസർമാർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ എന്നിവർ സ്ഥാപനത്തിൽ പരിശോധനകൾ നടത്താറുണ്ട്. തൊഴിൽ വകുപ്പിലെ ജീവനക്കാർ ജില്ലാ ലേബർ ഓഫിസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തി വരുന്നു. ഇതിനുപുറമേ ഫാക്ടറീസ് & ബോയിലേഴ്സ്, ഇ.എസ്.ഐ തുടങ്ങിയ വകുപ്പുകളെകൂടി ഉൾപ്പെടുത്തി സംയുക്ത പരിശോധനകളും നടത്താറുണ്ട്. കൂടാതെ സേഫ്റ്റി ഓഡിറ്റിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കേരള മുൻസിപ്പൽ ബിൽഡിംഗ് ചട്ടങ്ങൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ എന്നിവയിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നിർമ്മാണ മേഖലയിൽ പണി യെടുക്കുന്നവരുടെ സുരക്ഷയ്ക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ കർശനമായി പരിപാലിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | (ബി) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമാനുസൃതമായ സുരക്ഷ ഒരുക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം തൊഴിലുടമയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം 2014 വർഷത്തിൽ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് അനുസരിച്ച് 475 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് 53 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ കൊടുത്തിട്ടുള്ളതും 40 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 942 11/3/2015-ലെ മറുപടിയ്ക്ക്.

### ഉടുമ്പൻചോല താലൂക്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ : | | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) ഉടുമ്പൻചോല താലൂക്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ; | എ) | ഇല്ല |
| ബി) ഇല്ലെങ്കിൽ ഉടുമ്പൻചോല ജോയിന്റ് ആർ.ടി. ഓഫീസിനു കീഴിൽ വരുന്ന വാഹന ഉടമകൾ തൊഴിലാളി ക്ഷേമനിധി അടയ്ക്കാൻ നൂറ് കിലോമീറ്ററോളം സഞ്ചരിച്ച് പീരുമേട്ടിൽ ചെല്ലേണ്ട സാഹചര്യം പരിഗണിച്ച് നെടുംകണ്ടത്ത് മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾസർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 943

11.03.2015 -ലെ മറുപടിയ്ക്ക്

## തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.പി.ശ്രീരാമകൃഷ്ണൻ:
ശ്രീ. സി.കെ.സദാശിവൻ :
ശ്രീ. ജെയിംസ് മാത്യു:
ശ്രീ.കെ.ദാസൻ :

ഉത്തരം

ശ്രീ . ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാനായി നടപ്പാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ് എന്നും ഇതിന്റെ ഫലമായി എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി 2012-13 വർഷത്തിൽ ഒന്നും, 2013-14 കാലഘട്ടത്തിൽ മൂന്നും 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അഞ്ചും ഉൾപ്പെടെ ആകെ ഒമ്പത് തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ ലക്ഷ്യമിട്ട്, അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ തൊഴിലിൽ നൈപുണ്യമുള്ളവരാക്കി മാറ്റി സ്വകാര്യമേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പിനുകീഴിൽ നിലവിൽ അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. 2012-14 കാലഘട്ടത്തിൽ കോഴിക്കോട്, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിൽ സംഘടിപ്പിച്ച 4 തൊഴിൽ മേളകളിൽ നിന്നുമായി 4663 പേർക്കും, 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സംസ്ഥാനവ്യാപകമായി 5 ഘട്ടങ്ങളിലായി സംഘടിപ്പിച്ച "നിയുക്തി-2015" തൊഴിൽമേളയിൽ 17875 പേർക്കും സ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. 3 എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 2013-14 വർഷം 910 പേർക്കും, 2014 ഒക്ടോബർ മുതൽ 2015 ഫെബ്രുവരി വരെ 1479 പേർക്കുംസ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2012-13, 2013-14, 2014-15 വർഷങ്ങളിലായി ആകെ 24927 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഒരു ലക്ഷം പേർക്ക് തൊഴിലവസരം സൃഷ്ടിക്കാനായുള്ള അഞ്ഞൂറ് കോടിയുടെ തൊഴിൽദാന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ എന്ന് അറിയിക്കുമോ ;<br><br>(സി) ഈ പദ്ധതിയുടെ ഫലമായി എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ചെന്നും അതിനായി എന്ത് തുക ചെലവഴിച്ചെന്നും അറിയിക്കാമോ? | (ബി) ആന്റ് (സി) ബാധകമല്ല. |

Harikumar

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 950 — 11.3.2015 ന് മറുപടിയ്ക്ക്

## ഐ. ടി. ഐ. കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ നവീകരണ ത്തിനായി 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു; എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി എന്നിവ സംബന്ധിച്ച വിശദീകരണം നൽകാമോ; | (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ നവീകരണ ത്തിനായി 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി ഇതുവരെ 54.21 കോടി രൂപയാണ് "മോഡണൈസേഷൻ ഓഫ് ITIs" എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. ടി തുകയിൽ പരിശീലനാർത്ഥി കൾക്കാവശ്യമായതും, അഫിലിയേഷൻ നേടിയെടുക്കുന്ന തിനുമായുള്ള സാധന സാമഗ്രികളുടെ സംഭരണം, ഐ.ടി.ഐ. കൾക്കാവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം, ഐ.ടി.ഐ. വർക്ക് ഷോപ്പുകളുടെ ഇലക്ട്രിഫിക്കേഷൻ, പഴയതും കാലഹരണപ്പെട്ടതുമായ ട്രേഡുകളുടെ നവീകരണം എന്നീ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. |
| (ബി) പുതിയ ഐ.ടി.ഐ.കൾ തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ;<br>(സി) സംസ്ഥാനത്ത് പുതുതായി ഐ.ടി.ഐ.കൾ തുടങ്ങുന്നതിന്റെ പരിഗണനാ പട്ടിക പ്രസിദ്ധീകരിക്കാമോ; | *(ബി) & (സി)* ഇപ്പോൾ സർക്കാർ ഐ.ടി.ഐ.കൾ ഇല്ലാത്ത പ്രദേശത്ത്, ഐ.ടി.ഐ. തുടങ്ങുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത്, വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ ടി പ്രദേശത്ത് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |
| (ഡി) ഒറ്റപ്പാലത്തെ കരിമ്പുഴയിലെ നിർദ്ദിഷ്ട ഐ.ടി.ഐ.യിൽ ഏതെല്ലാം ഗ്രേഡുകൾ ആണ് അനുവദിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് ക്ലാസ് തുടങ്ങുവാൻ കഴിയും എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) ഒറ്റപ്പാലത്തെ കരിമ്പുഴയിൽ ഇപ്പോൾ ഐ.ടി.ഐ. അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 951 — 11.3.2015 ന് മറുപടിയ്ക്ക്

### പെരിങ്ങോം ഗവൺമെന്റ് ഐ. ടി. ഐ. ക്ക് ഭൂമി

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ :

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.ക്ക് ഭൂമി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റീ-സർവ്വേ നമ്പർ 51-ൽപെട്ട 2.0235 ഹെക്ടർ (റവന്യൂ വകുപ്പിൽ നിക്ഷിപ്തമായ സർക്കാർ ഭൂമി) സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ലാന്റ് ബോർഡിന്റെ 1.12.12-ലെ എൽ.ബി (ബി)3-15362/2000 നമ്പരായി ഉത്തരവായിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് കൈമാറുന്നതിനായി തലശ്ശേരി ആർ.ഡി.ഒ. അനുകൂല റിപ്പോർട്ട് കണ്ണൂർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് ജില്ലാ കളക്ടർ ആയത് സംബന്ധിച്ചുള്ള ശുപാർശ തുടർ നടപടിയ്ക്കായി ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയും ആയതിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 952 | 11.3.2015 ന് മറുപടിയ്ക്ക്

## ഐ.ടി.ഐ. കളിലെ വെർച്വൽ ക്ലാസ്സ് റൂം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. ടി.എൻ. പ്രതാപൻ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കമോ ; | (എ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | (ബി) വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ധ പരിശീലകന്റെ സഹായത്താൽ ഒരു വർക്ക് ഷോപ്പിലോ ഒരു ക്ലാസ്സ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ. കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ പദ്ധതിക്ക് സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും. |
| (സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ; | (സി) ഇതിനായി ആധുനിക വിവര സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. ഇതിൽ കമ്പ്യൂട്ടർ, സി മെട്രിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഉൾപ്പെടുന്നു. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്; വിശദമാക്കുമോ ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ-ന്റെ സേവനം, ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 953 — 11.3.2015 ന് മറുപടിയ്ക്ക്

### ഐ. ടി. ഐ. യ്ക്ക് ഗ്രാമപഞ്ചായത്ത് നൽകിയ സ്ഥലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ. യ്ക്ക് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയ 50 സെന്റ് സ്ഥലം തൊഴിൽ വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;<br><br>(സി) സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്നും വിശദമാക്കുമോ;<br><br>(ഡി) സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ കെട്ടിട നിർമ്മാണത്തിനായി തുക വകയിരുത്തി പ്രവൃത്തി നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | *(എ), (ബി), (സി) & (ഡി)* മാറഞ്ചേരി വില്ലേജ് റീ-സർവ്വേ നമ്പർ 135/4 ൽപ്പെട്ട 50 സെന്റ് ഭൂമിയും അതിലുള്ള കെട്ടിടങ്ങളും വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ. (ആർ.ടി) നം.1895/14/ത.സ്വ.ഭ.വ. തീയതി 19.7.14 പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകുന്നതിനായി റവന്യൂ വകുപ്പുമായി ചേർന്ന് തുടർ നടപടികൾ സ്ഥലത്തിന്റെ ഇപ്പോഴത്തെ ഉടമ എന്ന നിലയിൽ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും സ്വീകരിച്ച് വരുന്നു. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾക്കായി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 955 — 11.3.2015 ന് മറുപടിയ്ക്ക്.

### *താനൂർ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ.യുള്ള കെട്ടിടനിർമ്മാണം*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) താനൂർ നിയോജക മണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ..യ്ക്ക് കെട്ടിടം നിർമ്മി ക്കുന്നതിന് സ്ഥലം ലഭ്യമായി ട്ടുണ്ടോ എന്ന് അറിയിക്കാമോ ;<br><br>(ബി) എത്ര ഭൂമിയാണ് ലഭ്യമായി ട്ടുളളത് എന്ന് വ്യക്തമാക്കാമോ ; | (എ)&(ബി) താനൂർ നിയോജകമണ്ഡലത്തിലെ ചെറിയമുണ്ടം ഗവൺമെന്റ് ഐ.ടി.ഐ..യ്ക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുവാൻ ജി.ഒ.(ആർ.ടി)നം.1762/14/LSGD തീയതി 9.7.2014 പ്രകാരം ചെറിയമുണ്ടം വില്ലേജിലെ റി സർവ്വേ നം.104/07-ൽപ്പെട്ട 2.5 ഏക്കർ സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടി സ്ഥലം വകുപ്പിന്റെ പേരിൽ കൈമാറി ലഭിച്ചിട്ടില്ല. |
| (സി) കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തി യിട്ടുളളതെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | (സി & ഡി) കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി. അധികൃതരിൽ നിന്നുമുള്ള 4.77 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രിൻസിപ്പാൾ സമർപ്പിച്ചിരുന്നു വെങ്കിലും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപ്പ സാമ്പത്തിക വർഷം 3.59 കോടി രൂപ, നടപ്പ സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കണമെന്നും അതോടൊപ്പം പി.ഡബ്ല്യു.ഡി.യിൽ നിന്നും ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ശേഖരിക്കണമെന്നുമുള്ള വ്യവസ്ഥയിൽ ജി.ഒ. (ആർ.ടി)നം.1289/14/തൊഴിൽ തീയതി 18.9.2014 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സ്ഥലം റിലിംഗ്യുഷ് ചെയ്യുന്നതിനുള്ള നടപടി പ്രിൻസിപ്പാൾ സ്വീകരിച്ചുവരുന്നു. |
| (ഇ) പ്രവൃത്തിക്ക എന്നത്തേയ്ക്ക് തുടക്കം കുറിക്കാനാകുമെന്ന് വിശദമാക്കാമോ ? | (ഇ) സ്ഥലം വകുപ്പിന്റെ പേരിൽ ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 956

11.03.2015 -ലെ മറുപടിയ്ക്ക്

## സ്കിൽ ഡെവലപ്മെന്റ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ: | (എ) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാനും സമയബന്ധിതമായി നടപ്പാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) ഇന്റർ നാഷണൽ സ്കിൽസ് പാർക്ക് തുടങ്ങുന്നതിനായി അങ്കമാലിയിലെ ഇൻകലിൽ കെട്ടിടം lease വ്യവസ്ഥയിൽ എടുത്തിട്ടുണ്ട്. ഇവിടെ ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ് , ഓയിൽ & റിഗ്, റീട്ടെയിൽ , സെക്യൂരിറ്റി ഹോസ്പിറ്റാലിറ്റി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കുശലകേന്ദ്രം തുടങ്ങുന്നതിനു കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുട്ടനാട്ടിലും സ്ഥലം കണ്ടെത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രം തുടങ്ങുന്നതിനുള്ള പങ്കാളിയെ കണ്ടെത്തി ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കുകയും തിരുവനന്തപുരം കിൻഫ്രയിൽ കെട്ടിടം എടുക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ആദ്യ ബാച്ചിന്റെ പരിശീലനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി സ്ഥാപിക്കുന്നതിന് പങ്കാളിയെ കണ്ടെത്തുകയും തിരുവനന്തപുരം ടെക്നോസിറ്റിയിൽ 5 ഏക്കർ സ്ഥലം മാറ്റി വയ്ക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കൊല്ലം എറണാകുളം കോഴിക്കോട് പാലക്കാട് കണ്ണൂർ എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

സ്കിൽ ഡെവലപ്മെന്റ് പദ്ധതികൾ

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

### 1. നൈപുണ്യം ഇന്റർനാഷണൽ സ്കിൽസ് പാർക്ക് (NISP)

പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ റീടെയിൽ, ബാങ്കിംഗ് ആന്റ് ഫിനാൻസ്, ഹോസ്പിറ്റാലിറ്റി, ഐടെസ് (ITeS) തുടങ്ങിയ മേഖലയിൽ അക്കാദമികളും അന്താരാഷ്ട്ര തൊഴിൽ പരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ച് തൊഴിൽരഹിതരായ പരമാവധി യുവജനങ്ങൾക്ക് ദേശീയതലത്തിലും, അന്തർദേശീയ തലത്തിലും തൊഴിൽ നേടാൻ പ്രാപ്തരാക്കുന്നതിന് മത്സരാന്തരീക്ഷം സൃഷ്ടിക്കുന്നതിന് വേണ്ടിയാണ് ടെക്നോസിറ്റിയിൽ (NISP) സ്ഥാപിക്കുന്നത്. ഇതിലേക്കായി 5.89 കോടി രൂപ ചെലവഴിച്ച് ടെക്നോസിറ്റിയിൽ നൈപുണ്യം ഇന്റർനാഷണൽ സ്കിൽസ് പാർക്ക് (NISP) നിലവിൽ 5 ഏക്കർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി. മാത്രമല്ല, ടെക്നോസിറ്റിയിൽ 15 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിലേക്കായി വ്യാവസായിക പരിശീലന വകുപ്പിലെയും, ടെക്നോപാർക്കിലെയും അധികാരികളുമായുള്ള ചർച്ചകൾ പുരോഗമിക്കുന്നു. 2015 ജൂണിൽ NISP പ്രവർത്തനക്ഷമമാകുന്നതാണ്.

### 2. കുശലകേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽസ് പാർക്ക് (KK-CSP)

തൊഴിൽരഹിതരായ യുവതീയുവാക്കൾ, അവശത അനുഭവിക്കുന്നവർ, അസംഘടിത മേഖലയിലുള്ളവർ എന്നിവരുടെ തൊഴിൽ വൈദഗ്ദ്ധ്യശേഷി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ വ്യാവസായിക സംരംഭകരുമായി കൈകോർത്ത് തീവ്രമായ രീതിയിൽ വിദഗ്ദ്ധ പരിശീലനം നൽകി വിപുലമായ തൊഴിൽ സാദ്ധ്യത പ്രദാനം ചെയ്യുന്നതിലേക്ക് വേണ്ടിയാണ് കുശലകേന്ദ്ര-കമ്മ്യൂണിറ്റി സ്കിൽസ് പാർക്ക് (KK-CSP) സ്ഥാപിക്കുന്നത്. കരിയർ ഗൈഡൻസ് നൽകുക, തൊഴിലന്വേഷകരുടെ കഴിവും അഭിരുചിയും വിലയിരുത്തുക, ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കുക, ഇ-ലേണിംഗ് നടത്താൻ ഓൺലൈൻ സൗകര്യം ലഭ്യമാക്കുക എന്നീ ഉദ്യമങ്ങൾ KK-CSP ലക്ഷ്യമിടുന്നു. ഇതിലേക്കായി കൊല്ലം ജില്ലയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (KMML) ക്യാമ്പസിൽ ഒരേക്കർ സ്ഥലം കണ്ടെത്തുകയും 2014 ഡിസംബറിൽ KK-CSP പ്രവർത്തനക്ഷമമാകുന്നതാണ്.

### 3. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

നിർമ്മാണ മേഖലയിൽ വിദഗ്ദ്ധരായ തൊഴിലാളികളെ സൃഷ്ടിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനാണ് കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നത്. കാർപ്പെന്ററി, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ തുടങ്ങിയ നിർമ്മാണ മേഖലയിൽ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിലേക്കായി വിവിധ കോഴ്സുകൾ നൽകി അന്താരാഷ്ട്ര നിലവാരത്തിൽ തൊഴിൽ നേടാൻ പ്രാപ്തരാക്കുക എന്നതാണ് IIIC-യുടെ പ്രധാന ലക്ഷ്യം. ഇതിലേക്കായി കൊല്ലം ജില്ലയിലെ ചവറയിൽ 9 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ആയതിന്റെ രൂപരേഖ തയ്യാറാക്കുകയുമുണ്ടായി. IIIC-യുടെ ആദ്യഘട്ടം പ്രവർത്തനമാരംഭിക്കുന്നതിലേക്കായി 30 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. IIIC-യുടെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും 2015 ജനുവരിയോടെ പ്രവർത്തനക്ഷമമാകുന്നതാണ്.

### 4. സെന്റർ ഓഫ് എക്സലന്റ് ഇൻ നഴ്സിംഗ് (CEN)

സ്വകാര്യ മേഖലയിൽ പരിചയസമ്പന്നരായ പങ്കാളികളുമായി കൈകോർത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന സെന്റർ ഓഫ് എക്സലന്റ് ഇൻ നഴ്സിംഗ് (CEN) ദേശീയ തലത്തിലും, അന്തർദേശീയ തലത്തിലും നേഴ്സുമാരുടെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുവാൻ ഉതകുന്നതാണ്. നഴ്സിംഗ് മേഖലയിലെ മികവ് വർദ്ധിപ്പിക്കുക, ആശയ വിനിമയശേഷി പ്രദാനം ചെയ്യുക, നഴ്സിംഗ് വൈദഗ്ദ്ധ്യം ലഭിക്കുന്നതിന് കമ്പ്യൂട്ടർ, ഇംഗ്ലീഷ് പരിജ്ഞാനം ലഭ്യമാക്കുന്ന കോഴ്സുകൾ നടത്തി

സ്വദേശത്തും, വിദേശത്തും അന്താരാഷ്ട്ര നിലവാരത്തിൽ തൊഴിൽ നേടാൻ പ്രാപ്തരാക്കുക എന്നതാണ് പ്രസ്തുത കേന്ദ്രത്തിന്റെ ഉദ്ദേശ്യം. CEN നിർമ്മിക്കുന്നതിലേക്കായി ടെക്നോപാർക്ക് (ഫേസ് III)-ൽ ഒരു ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി 1.34 കോടി രൂപ ചെലവഴിച്ചു. CEN 2015 ജനുവരിയിൽ പ്രവർത്തനക്ഷമമാകുന്നതാണ്.

**5. ഏവിയേഷൻ അക്കാദമി**

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ കണ്ണൂരിൽ വ്യോമയാന മേഖലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മികവിന്റെ കേന്ദ്രം പ്രസ്തുത മേഖലയിൽ ധാരാളം തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുന്നതാണ്. ഏവിയേഷൻ അക്കാദമി അന്താരാഷ്ട്ര തലത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതും അതിവിദഗ്ദ്ധമായ തൊഴിലുപകരണങ്ങളുള്ള പരീക്ഷണശാലകളും പരിശീലനത്തിനുതകുന്ന മെച്ചപ്പെട്ട സൗകര്യങ്ങളും നൽകുന്നതാണ്. ഏവിയേഷൻ അക്കാദമിയുടെ പ്രവർത്തനത്തിന് പങ്കാളികളെ കണ്ടെത്തുകയും 2015 ഏപ്രിലോടുകൂടി ഏവിയേഷൻ അക്കാദമി പ്രവർത്തനക്ഷമമാകുന്നതുമാണ്.

**6. എംപ്ലോയബിലിറ്റി സെന്ററുകൾ**

സംസ്ഥാനത്ത് വിദഗ്ദ്ധരായ തൊഴിലാളികളെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 2013-ൽ എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കുകയുണ്ടായി. കൂടാതെ 2014-ൽ പാലക്കാട്, കണ്ണൂർ എന്നീ 2 ജില്ലകളിൽ കൂടി എംപ്ലോയബിലിറ്റി സെന്ററുകൾ സ്ഥാപിക്കാനും തുടർന്ന് അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മറ്റ് എല്ലാ ജില്ലകളിലും എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു. പൊതു സ്വകാര്യ മേഖലകളിലെ തൊഴിൽ അന്വേഷകരുടെ തൊഴിൽപരമായ കഴിവുകൾ വിശകലനം ചെയ്ത് അവരുടെ ആശയവിനിമയ ശേഷിയും മറ്റു സർഗാത്മകമായ കഴിവുകളും വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യം.

**7. ഓട്ടോമോട്ടീവ് സ്കിൽസ് അക്കാദമി**

പ്രതിവർഷം 3.9 ദശലക്ഷം യൂണിറ്റ് ഉല്പാദനമുള്ള ഇൻഡ്യയിലെ ഓട്ടോമോട്ടീവ് ഇൻഡസ്ട്രി ലോകത്തിലെ തന്നെ വലിയ വിപണികളിലെ ഒന്നാണ്. ജപ്പാൻ, ദക്ഷിണകൊറിയ, തായ്‌ലൻഡ് എന്നിവയ്ക്ക് പുറമെ ഏഷ്യയിലെ ഏറ്റവും വലിയ മൂന്നാമത്തെ പാസഞ്ചർ കാറുകളുടെ കയറ്റുമതിയിൽ ഇന്ത്യ ഏറ്റവും വലിയ മൂന്നാമത്തെ രാജ്യമായി ഉയർന്നുവന്നിരിക്കുകയാണ്. ആവശ്യകതയ്ക്ക് അനുസരിച്ച് പ്രസ്തുത മേഖലയിലെ സാങ്കേതികവിദ്യ വളർച്ച പ്രാപിക്കുന്നത് യുവാക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യത്തിനുള്ള പുത്തൻ ഉണർവ് നൽകുന്ന മേഖലയായി ഓട്ടോമോട്ടീവ് മേഖല മാറുകയും, നല്ല തൊഴിൽ സാദ്ധ്യതയും ഇതുവഴി ലക്ഷ്യമിടുന്നു. ഇതിലേക്കായി കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ 2015 മാർച്ചിൽ ഓട്ടോമോട്ടീവ് സ്കിൽസ് ട്രെയിനിംഗ് അക്കാദമി പ്രവർത്തനക്ഷമമാകുന്നതാണ്.

**8. ഹൈടെക് ഓട്ടോമേഷൻ ആന്റ് മെക്കട്രോണിക്സ് സ്കിൽ സെന്റർ**

നൂതന സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുയോജ്യമായി, യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഒരു ഹൈടെക് ഓട്ടോമേഷൻ സെന്റർ ഡിസംബറോടുകൂടി പാലക്കാട് ജില്ലയിൽ തുടങ്ങുന്നു. പ്രസ്തുത മേഖലയിൽ പരിശീലനം നൽകുന്നതുവഴി ഡിസൈൻ, റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്, മാനുഫാക്ചർ, പ്രൊഡക്ഷൻ, സേഫ്റ്റി, ക്വാളിറ്റി എന്നീ മേഖലകളിൽ സ്വദേശത്തും വിദേശത്തും തൊഴിൽ ഉറപ്പാക്കാൻ സാധിക്കും.

**9. സ്കിൽസ് അക്കാദമി ഫോർ ഓയിൽ ആന്റ് റിഗ്ഗ്**

ഇന്ത്യയിലെ പൊതുമേഖലാ എണ്ണ കമ്പനികളിലും, സ്വകാര്യ മേഖലാ എണ്ണ കമ്പനികളിലും എണ്ണ കിണറുകളിൽ എക്സ്പ്ലോറേഷൻ, പ്രൊഡക്ഷൻ, സർവ്വീസിംഗ് എന്നീ മേഖലകളിൽ വിദഗ്ദ്ധരായ തൊഴിലാളികളുടെ ആവശ്യകത വർദ്ധിച്ചുവരുന്നു. പ്രസ്തുത മേഖലയിൽ ഒരു സ്കിൽസ് അക്കാദമി സ്ഥാപിക്കുന്നതോടുകൂടി ഈ മേഖലയിൽ ആവശ്യമുള്ള തൊഴിലാളികളെ വാർത്തെടുക്കാൻ സാധിക്കും. ആയതിലേക്കായി 2014 ഡിസംബറോടുകൂടി പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ പ്രസ്തുത അക്കാദമി പ്രവർത്തനക്ഷമമാകുന്നതാണ്.

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 957 — 11.3.2015 ന് മറുപടിയ്ക്ക്

### *കൊയിലാണ്ടി ഗവൺമെന്റ് ഐ. ടി. ഐ*

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| **ശ്രീ.കെ. ദാസൻ :** | **ശ്രീ. ഷിബു ബേബിജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ ഒന്നാം നിര ഐ.ടി.ഐ. ആയി അപ് ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സർക്കാർ കൈകൊണ്ട നടപടികൾ വിശദമാക്കാമോ? | കൊയിലാണ്ടി ഗവൺമെന്റ് ഐ.ടി.ഐ ഒന്നാം നിര ഐ.ടി.ഐ. ആയി ഉയർത്തുന്നതിന് ശുപാർശ 2013-14 ലെ ബഡ്ജറ്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച പ്രഖ്യാപനം ആ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 958 — 11.03.2015 -ൽ മറുപടിക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർ

**ചോദ്യം**

ശ്രീ. ടി.വി. രാജേഷ്

(എ) 2014 ഡിസംബർ 31 വരെ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

**ഉത്തരം**

**ശ്രീ. ഷിബു ബേബി ജോൺ**
**(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)**

(എ) 37,14,541 പേർ.

സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്ക് ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :-

| ക്രമ നം. | ജില്ല | രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | | |
|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | ആകെ |
| 1. | തിരുവനന്തപുരം | 3,32,950 | 2,11,941 | 5,44,891 |
| 2. | കൊല്ലം | 2,36,071 | 1,50,091 | 3,86,162 |
| 3. | ആലപ്പുഴ | 1,90,359 | 1,26,606 | 3,16,965 |
| 4. | പത്തനംതിട്ട | 79,149 | 52,351 | 1,31,500 |
| 5. | കോട്ടയം | 1,35,897 | 91,506 | 2,27,403 |
| 6. | ഇടുക്കി | 63,708 | 44,625 | 1,08,333 |
| 7. | എറണാകുളം | 1,74,218 | 1,27,713 | 3,01,931 |
| 8. | തൃശ്ശൂർ | 2,02,364 | 1,10,796 | 3,13,160 |
| 9. | പാലക്കാട് | 1,60,870 | 1,30,981 | 2,91,851 |
| 10. | മലപ്പുറം | 1,99,257 | 1,29,616 | 3,28,873 |
| 11. | കോഴിക്കോട് | 2,34,479 | 1,31,667 | 3,66,146 |
| 12. | വയനാട് | 51,750 | 35,745 | 87,495 |
| 13. | കണ്ണൂർ | 1,39,971 | 76 900 | 2,16,871 |
| 14. | കാസർഗോഡ് | 57,773 | 35,187 | 92,960 |
| | **ആകെ** | **22,58,816** | **14,55,725** | **37,14,541** |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലി നല്കിയിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കുമോ;

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.12.2014 വരെ 38,896 ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലി നൽകിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു:-

| ജില്ല | ജോലി ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5,484 |
| കൊല്ലം | 3,003 |
| ആലപ്പുഴ | 2,563 |
| പത്തനംതിട്ട | 1,573 |
| കോട്ടയം | 1,931 |
| ഇടുക്കി | 1,494 |
| എറണാകുളം | 6,310 |
| തൃശ്ശൂർ | 3,001 |
| പാലക്കാട് | 2,262 |
| മലപ്പുറം | 2,115 |
| കോഴിക്കോട് | 3245 |
| വയനാട് | 1,315 |
| കണ്ണൂർ | 1,827 |
| കാസർഗോഡ് | 2,773 |
| **ആകെ** | **38,896** |

(സി) പൊതുവായ ജീവിതച്ചെലവിന്റെ തോതും മറ്റ് ഘടകങ്ങളും കണക്കിലെടുത്ത് തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 982

11/03/2015-ലെ മറുപടിയ്ക്ക്

### പട്ടികജാതി ക്ഷേമത്തിനായി വകയിരുത്തിയ തുക

**ചോദ്യം**

ശ്രീ. വി. ശശി

(എ) പട്ടികജാതി ക്ഷേമത്തിനായി 2013-14 ബഡ്ജറ്റിൽ ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവായ തുകയും പ്ലാൻ/നോൺ പ്ലാൻ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ചെലവിൽ ഡെപ്പോസിറ്റായി മാറ്റിയ തുകയിൽ ഇനിയും ചെലവഴിക്കാത്തത് എത്ര ; ഏതെല്ലാം ഏജൻസികളിലാണ് ഈ തുക അവശേഷിക്കുന്നതെന്ന് അറിയിക്കുമോ?

**ഉത്തരം**

ശ്രീ. എ.പി. അനിൽകുമാർ
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

(എ) പട്ടികജാതി ക്ഷേമത്തിനായി 2013-14 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവുവിവരവും അനുബന്ധം 1 ലും നോൺ പ്ലാൻ ഫണ്ടിൽ ഓരോ ഹെഡിലും വകയിരുത്തിയ തുകയും ചെലവുവിവരവും അനുബന്ധം 2 ലും ഉള്ളടക്കം ചെയ്യുന്നു.

(ബി) 2013-14 വർഷത്തെ ഡെപ്പോസിറ്റ് ആയി മാറിയ തുകയിൽ 8,62,09,121/- രൂപ ( എട്ടുകോടി അറുപത്തി രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി നൂറ്റി ഇരുപത്തി ഒന്ന് രൂപ) ബാലൻസ് ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ SIDCO, KLDC, KAICO, KLSNIK, KITCO, ജില്ലാ നിർമ്മിതി കേന്ദ്രം പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം കോട്ടയം, ജില്ലാ നിർമ്മിതി കേന്ദ്രം എറണാകുളം, ജില്ലാ നിർമ്മിതി | 6,50,01,925/- രൂപ. |

(...2)

| | | |
|---|---|---|
| | [illegible] മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രം കാസറഗോഡ്, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, തുടങ്ങിയ ഏജൻസികളിൽ | |
| 2 | KITS വഴി നടപ്പിലാക്കുന്ന ട്രെയിനിംഗ് പ്രോഗ്രാമിന് | 1,76,87,000 രൂപ. |
| 3 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി സിഡ്കോ, എസ്.എം. സോഫ്റ്റ് കമ്പ്യൂട്ടേഴ്സ്, സുൽത്താൻ ബത്തേരി എന്ന ഏജൻസികളിൽ | 35,20,196/ രൂപ. |
| | **ആകെ** | **862,09121/-** |

ഏജൻസികൾക്ക് കൈമാറിയ തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹണ ഘട്ടങ്ങളിലാണ്.

Bali K.T

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 997

11/03/2015-ലെ മറുപടിയ്ക്ക്

**മിഷൻ 676 - പട്ടികജാതി ക്ഷേമ പദ്ധതികൾ**

**ചോദ്യം**

**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**
**ശ്രീ. വി.പി. സജീന്ദ്രൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ഹൈബി ഈഡൻ**

**ഉത്തരം**

**ശ്രീ. എ.പി. അനിൽകുമാർ**
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി. പട്ടികജാതി ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതി ക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) 1) 50,000/- രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി ഓരോരുത്തരുടെയും പേരിൽ 50,000/ രൂപ വീതം സ്ഥിരം നിക്ഷേപം നടത്തുന്ന 'വാത്സല്യനിധി' പദ്ധതി.

2) സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് "വിദ്യാജ്യോതി" പദ്ധതി.

3) തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്ന സ്മൃതിവനം പദ്ധതി.

4) പട്ടികജാതിക്കാർ സഹകരണ സ്ഥാപനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 31/03/2010-ൽ

(...2)

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ:

തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക യായിട്ടുള്ളതുമായ 1,00,000/- രൂപവരെ യുള്ള വായ്പ എഴുതി തള്ളൽ പദ്ധതി.

(സി) 1)**വാത്സല്യനിധി പദ്ധതി:-** 5000 പെൺകുട്ടി കൾക്കായി നടപ്പുവർഷം 2500 ലക്ഷം രൂപ ചെലവു വരുന്നതാണ് പദ്ധതി. പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ് തലത്തിൽ പ്രാഥമിക നടപടികൾ സ്വീകരിക്കുകയും വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിൽ ഏറ്റവും കൂടുതൽ മടക്കതുക വാഗ്ദാനം ചെയ്ത എൽ.ഐ. സി യെ നിർവ്വഹണ ഏജൻസി യായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു.

2)**വിദ്യാജ്യോതി:-**ഈപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ / എയിഡഡ് മേഖലകളിലെ പ്രൈമറി സ്കൂളുകളിലെ ഒന്നു മുതൽ നാലുവരെ പഠിക്കുന്ന പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് യൂണിഫോം , സ്കൂൾബാഗ് , ഷൂസ്, കുട എന്നിവ വാങ്ങുന്നതിനായി 2000 രൂപ ക്രമത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. ഹൈസ്കൂൾ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

3)**സ്മൃതിവനം:-** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ച 37 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള ശുപാർശ ലഭിച്ചതിൽ നിന്നും 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കു ന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(... 3)

**4)വായ്പ എഴുതി തള്ളൽ പദ്ധതി:-**

പട്ടികജാതിക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 1,00,000/- രൂപവരെയുള്ളതുമായ വായ്പ എഴുതി തള്ളുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) വാത്സല്യനിധി പദ്ധതി, വായ്പ എഴുതി തള്ളൽ പദ്ധതി എന്നിവയ്ക്കുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. വാത്സല്യനിധി പദ്ധതിയ്ക്കായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. വിദ്യാജ്യോതി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്മൃതി വനം പദ്ധതി നടപ്പിലാക്കാൻ 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

Rali. K.T

**സെക്ഷൻ ഓഫീസർ**